# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കോളേജ്പടന്നക്കാട് ,

പടന്നക്കാട് (പി.ഒ), കാസറഗോഡ് ജില്ലകേരളം ,671314-പിൻ ,

ഫോൺ2280616 467 91 ,2282699 467 91 :, E-mail: coapad@kau.in

**നമ്പർ. ഇ2 3443/2010** **തീയ്യതി:16-05-2025**

**<u>ടെൻഡർ നോട്ടീസ്</u>**

പടന്നക്കാട് കാർഷിക കോളേജിലേക്ക് AYAR ന്യൂട്രിയൻറ് മിക്സ്ചർ പാക്ക് ചെയ്യുന്നതിനുള്ള പോളിത്തീൻ കവറുകൾ (Multicolour printed) ലഭ്യമാക്കുന്നതിന് മത്സരാടിസ്ഥാനത്തിലുള്ള ടെൻഡറുകൾ ക്ഷണിച്ചു കൊള്ളുന്നു.

| ക്രമ നം | ഇനം | അളവ് | ആവശ്യമായവ |
|---|---|---|---|
| 1 | 1 kg പാക്കിങ് കവർ | 7"x 12" | 500 kg |
| 2 | 2kg പാക്കിങ് കവർ | 10"x 14" | 200 kg |
| 3 | 4 kg പാക്കിങ് കവർ | 12"x18" | 100 kg |
| 4 | 10 kg പാക്കിങ് കവർ | 16"x 22" | 100 kg |

താൽപര്യമുള്ള വ്യക്തികളോ/സ്ഥാപനങ്ങളോ പാക്കിംഗ് മെറ്റീരിയിൽ ലഭ്യമാക്കുന്നതിന് ഓരോ ഇനത്തിനും ഒരു കിലോയ്ക്ക് എത്ര രൂപ എന്ന് കൃത്യമായി രേഖപ്പെടുത്തിയ ടെൻഡറുകൾ, നിരതദ്രവ്യം, ടെൻഡർ ഫീസ് എന്നിവയുടെ ഡിമാന്റ് ഡ്രാഫ്റ്റ് അല്ലെങ്കിൽ പണമടച്ച രശീത്, സമ്മതപത്രം എന്നിവ സഹിതം കവറിൽ അടക്കം ചെയ്ത് **"പാക്കിംഗ് മെറ്റീരിയിൽ ലഭ്യമാക്കുന്നതിന്റെ ടെൻഡർ"** എന്ന് കവറിനു മുകളിൽ എഴുതി **ഡീൻ, കാർഷിക കോളേജ്, പടന്നക്കാട്- 671 314, കാസർഗോഡ് ജില്ല** എന്ന വിലാസത്തിൽ അയച്ചുതരേണ്ടതാണ്. നികുതിയും മറ്റ് ചാർജ്ജുകളും ഉൾപ്പെടെയുള്ള നിരക്കാണ് രേഖപ്പെടുത്തേണ്ടത്. ചരക്ക് കൂലിയും, കടത്തുകൂലിയും കരാറുകാരൻ തന്നെ വഹിക്കേണ്ടതാണ്. ടെൻഡറുകൾ സ്വീകരിക്കുന്ന അവസാന തീയ്യതി 31.05.2025 ന് ഉച്ചയ്ക്ക് ശേഷം 2 മണി

വരെയാണ് . അന്ന് **2.30** മണിക്ക് തന്നെ ഹാജരുള്ള ടെൻഡറുകാരുടെ സാന്നിധ്യത്തിൽ അവ തുറക്കുന്നതും ഏറ്റവും കുറഞ്ഞ നിരക്ക് എഴുതിയത് തൃപ്തികരമെന്ന് കണ്ടാൽ സ്വീകരിക്കുന്നതുമായിരിക്കും. വൈകി കിട്ടുന്നതും, പൂർണ്ണമല്ലാത്തതുമായ ടെൻഡറുകൾ സ്വീകരിക്കുന്നതല്ല. വിജയിയായ ടെൻഡറുകാരൻ അറിയിപ്പ് കിട്ടി ' 7' ദിവസത്തിനകം പാക്കിംഗ് മെറ്റീരിയിൽസ് ലഭ്യമാക്കേണ്ടതാണ്. ടെൻഡർ തുറക്കുന്ന തീയതിയിൽ എന്തെങ്കിലും ബന്ദ്/ പണിമുടക്ക്/ അപ്രതീക്ഷിത അവധി ദിവസങ്ങൾ ഉണ്ടായാൽ, അടുത്ത പ്രവൃത്തി ദിവസം അതേ സമയം ടെൻഡറുകൾ തുറക്കുന്നതായിരിക്കും. ടെൻഡറുകൾ സ്വീകരിക്കുന്നതിൽ ഡീനിന്റെ തീരുമാനം അന്തിമമായിരിക്കും. പാക്കിംഗ് മെറ്റീരിയിൽ എത്തിച്ചു തന്നതിനുശേഷം മാത്രം പ്രതിഫലം നൽകുന്നതാണ്. ശേഷം, സമർപ്പിക്കുന്ന ബി2ബി ഇൻവോയ്സിന്റെ തുക ബാങ്ക് അക്കൗണ്ട് ട്രാൻസ്ഫർ മുഖാന്തരം അനുവദിക്കുന്നതായിരിക്കും. കരാറുകാരൻ ജി.എസ്.ടി നമ്പറ് (ജി.എസ്.ടി രജിസ്ട്രേഷൻ ഉണ്ടായിരിക്കേണ്ടതാണ്) ലഭ്യമാക്കേണ്ടതാണ്.

വിശദവിവരങ്ങൾക്ക് ഓഫീസ് സമയത്ത് (ഫോൺ നം. **0467-2280616** എന്ന നമ്പറിൽ) അന്വേഷിക്കാവുന്നതാണ്. വിശദാംശങ്ങൾ കെ.എ.യു വെബ്സൈറ്റായ **www.kau.edu/tenders**- ൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ്.

ടെൻഡർ ഫീസ് : രേഖപ്പെടുത്തിയ മൊത്തം തുകയുടെ **0.2%** (**100** ന്റെ അടുത്ത ഗുണിതത്തിലേക്ക് റൗണ്ട് ചെയ്തത്)**+GST18%.** (കുറഞ്ഞത് **400/-** രൂപ കൂടിയത് **1500/-** രൂപ)

നിരതദ്രവ്യം : **2,500/-** രൂപ

ടെൻഡർ നൽകേണ്ട അവസാന തീയതിയും, സമയവും : **31.05.2025, 2 pm**

ടെൻഡർ തുറക്കുന്ന തീയതിയും, സമയവും : **31.05.2025, 2.30 pm**

**ഉപാധികളും, നിബന്ധനകളും:-_**

1. **www.kau.edu/tenders** എന്ന വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്ന നിശ്ചിത ഫോമുകളിൽ ടെൻഡർ സമർപ്പിക്കണം. ആയതിനുള്ള ടെൻഡർ ഫീസ് ഒരു കാരണവശാലും തിരികെ നൽകില്ല.
2. ടെൻഡറിനൊപ്പം **200** രൂപ (ഇരുന്നൂറ് രൂപ മാത്രം) വിലയുള്ള കേരള സ്റ്റാമ്പ് പേപ്പറിൽ തയ്യാറാക്കിയ സമ്മതപത്രം ഉണ്ടായിരിക്കണം. ഇതിന്റെ മാതൃകയും മുകളിലെ വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ്.
3. ടെൻഡറിൽ വിജയിക്കുന്ന കരാറുകാരൻ **200/-** രൂപ (ഇരുന്നൂറ് രൂപ മാത്രം) വിലയുള്ള കേരള സ്റ്റാമ്പ് പേപ്പറിൽ സമ്മതപത്രം തയ്യാറാക്കി നൽകേണ്ടതാണ്. കൂടാതെ രേഖപ്പെടുത്തിയ മൊത്തം തുകയുടെ **5%** സെക്യൂരിറ്റി ഡെപ്പോസിറ്റായി, (ക്യാഷ് / ടേം ഡെപ്പോസിറ്റ്/ ബാങ്ക് ഗ്യാരണ്ടി/ ഡിമാൻഡ് ഡ്രാഫ്റ്റ്) അടക്കേണ്ടതാണ്. കരാറിന്റെ മാതൃക മുകളിലെ

വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാം.

4. ടെൻഡർ അംഗീകരിച്ച തീയതി മുതൽ 1 വർഷത്തേക്കാണ് ടെൻഡറിന്റെ കാലാവധി. ഈ കാലയളവിൽ അംഗീകരിച്ച നിരക്കിൽ സാധനങ്ങൾ വിതരണം ചെയ്യാൻ കരാറുകാരൻ ബാധ്യസ്ഥനാണ് .
5. സാധനങ്ങൾ എത്തിച്ചു തരുന്നതിൽ വീഴ്ച വരുത്തുന്ന കരാറുകാരന്റെ പേര് പട്ടികയിൽ നിന്ന് സ്ഥിരമായോ ഒരു നിശ്ചിത കാലയളവിലേക്കോ നീക്കം ചെയ്യാനുള്ള അവകാശം ഡീനിൽ നിക്ഷിപ്തമാണ്.
6. ടെൻഡർ സ്വീകരിക്കുന്നതിനും, മാറ്റിവെക്കുന്നതിനും, കാരണം കാണിക്കാതെ നിരസിക്കുന്നതിനുമുള്ള പൂർണ്ണ അധികാരം ഡീനിനായിരിക്കും.
7. സർക്കാർ ടെൻഡറുകൾക്ക് ബാധകമായ എല്ലാ നിയമങ്ങളും ചട്ടങ്ങളും ഈ ടെൻഡറിനും ബാധകമായിരിക്കും.

DEAN

Signed by
T Sajitha Rani
Date: 16-05-2025 14:59:15

**പകർപ്പ് :-**

1. നോട്ടീസ് ബോർഡ് - കോളേജ് ഓഫീസ് / ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ് –I &II
2. വില്ലേജ് ഓഫീസ് (നീലേശ്വരം / കാഞ്ഞങ്ങാട് സൗത്ത്)
3. നഗരസഭാ ഓഫീസ് (നീലേശ്വരം / കാഞ്ഞങ്ങാട് )
4. പീലിക്കോട് പ്രദേശിക കാർഷിക ഗവേഷണ കേന്ദ്രം
5. കെ.എ.യു വെബ്സൈറ്റ്
6. പർച്ചേഴ്സ് കമ്മിറ്റി (മെയിൽ മുഖേന)
7. A2 section
8. Dr.Binitha,N.K,Assistant Professor(Soilscience &Agrl.Chemistry)